പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7693</u> 15.07.2014 ൽ മറുപടിക്ക്

## കസ്റ്റഡിയിലെടുത്ത മണൽ വാഹനങ്ങൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള
" കെ.എം. ഷാജി
" അബ്ദുറഹിമാൻ രണ്ടത്താണി
" റ്റി.എ. അഹമ്മദ് കബീർ

മണൽ കടത്തുകാരിൽ നിന്നും മണലോടെ പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളായി മണലോടെതന്നെ റോഡു വക്കുകളിലും സ്റ്റേഷൻ പരിസരങ്ങളിലും കിടന്നു നശിക്കുന്നതിന് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

മണൽകടത്തുകാരിൽ നിന്നും മണലോടെ പിടിച്ചെടുക്കുന്ന വാഹനങ്ങൾ 'സീഷർ മഹസർ' സഹിതമുള്ള റിപ്പോർട്ട് ആർ.ഡി.ഒ. യ്ക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പിൽ നിന്നുമാണ്. പ്രസ്തുത വാഹനങ്ങൾ ഉടമസ്ഥർക്ക് തിരിച്ച് നൽകുവാനായി വ്യവസ്ഥകൾ അനുസരിച്ച് വാഹനവിലയുടെ 30% അടയ്ക്കുവാനോ, ബാങ്ക് ഗ്യാരണ്ടി നൽകുവാനോ ആവശ്യപ്പെടാറുണ്ട്. എന്നാൽ വാഹന ഉടമകൾ ടി തുക അടച്ച് വാഹനം കൈപ്പറ്റാതിരിക്കുമ്പോഴാണ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടതായ സാഹചര്യം ഉണ്ടാകുന്നത്.

സെക്ഷൻ ഓഫീസർ